**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3098

20/12/2012 - ൽ
മറുപടിക്ക്

**തൃശ്ശൂർ എഫ്.സി.ഐ.ഗോഡൗണുകളിൽ അരി നശിപ്പിച്ച നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ്. | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| തൃശ്ശൂരിലെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് അരി നശിപ്പിച്ച നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | തൃശ്ശൂരിലെ മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഗോഡൗണിൽ മഴനനഞ്ഞ് ഭക്ഷ്യയോഗ്യമല്ലാത്ത അവസ്ഥയിൽ റെയിൽ മാർഗ്ഗം ലഭിച്ച 43 ചാക്ക് അരി (1.594 MT) വളമായി ഉപയോഗിക്കുന്നതിന് നൽകാനായി എഫ്.സി.ഐ.യുടെ നിയുക്ത കമ്മറ്റികൾ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സ്റ്റോക്കുകൾ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് 20/01/2012 ന് വളത്തിന്റെ ഉപയോഗത്തിനായി ആവശ്യക്കാരിൽ നിന്നും ദർഘാസ് ക്ഷണിച്ചിരുന്നു. ദർഘാസിന്മേൽ യാതൊരു ആവശ്യവും ഉയർന്നു വരാത്തത് കൊണ്ട് മുളങ്കുന്നത്തുകാവ് പഞ്ചായത്ത് സെക്രട്ടറിക്ക് വളമായി ഉപയോഗിക്കാൻ സൗജന്യമായി ഈ സ്റ്റോക്കുകൾ നൽകാമെന്ന് എഫ്.സി.ഐ. അറിയിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പഞ്ചായത്ത് അധികൃതർ ടി സ്റ്റോക്ക് എടുക്കാത്തതുമൂലം ഭക്ഷ്യയോഗ്യമല്ലാത്ത ഈ ധാന്യങ്ങൾ എഫ്.സി.ഐ. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയുക്ത കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ 20/11/12 ന് മുളങ്കുന്നത്ത്കാവ് ഗോഡൗണിൽ കുട്ടിയിട്ടിരുന്നതായി എഫ്.സി.ഐ. അറിയിച്ചിരിക്കുന്നു. റെയിൽ മാർഗ്ഗം നനഞ്ഞ അവസ്ഥയിൽ ലഭിച്ച ഭക്ഷ്യധാന്യങ്ങളാണ് ഇത്തരത്തിൽ നശിച്ചതെന്നും അല്ലാതെ എഫ്.സി.ഐ. ഗോഡൗണിൽ ശേഖരിക്കുന്നത്മൂലം നശിച്ചതല്ലെന്നും എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്.<br>കൂടാതെ എഫ്.സി.ഐ. യുടെ ഗുണ നിലവാര മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചാണ് ടി സ്റ്റോക്കുകൾ മാറ്റിയിട്ടതെന്നും എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ